പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2328 05.12.2018 ൽ മറുപടിയ്ക്ക്

പറമ്പിക്കുളം ആദിവാസി മേഖലയിലെ മൊബൈൽ മാവേലിസ്റ്റോർ

ചോദ്യം

ശ്രീ.കെ. ബാബു

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ പറമ്പിക്കുളം ആദിവാസി മേഖലയിൽ ഉണ്ടായിരുന്ന മൊബൈൽ മാവേലിസ്റ്റോറിന്റെ പ്രവർത്തനം നിർത്തിയിട്ട് എത്ര കാലമായെന്ന് വിശദമാക്കാമോ ; | (എ) | കാലപ്പഴക്കം മൂലം വാഹനം കണ്ടം ചെയ്തതിനെ തുടർന്ന് 2017 ഓഗസ്റ്റ് മുതൽ നെന്മാറ നിയോജക മണ്ഡലത്തിലെ പറമ്പിക്കുളം ആദിവാസി മേഖലയിൽ ഉണ്ടായിരുന്ന മൊബൈൽ മാവേലിസ്റ്റോറിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) | ഇതിന് പകരം എന്ത് സംവിധാന മാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ ; | (ബി) | സഞ്ചരിക്കുന്ന മാവേലി സ്റ്റോറിനായി പുതിയ വാഹനം വാങ്ങിയിട്ടില്ല. സപ്ലൈകോയുടെ മറ്റേതെങ്കിലും ഡിപ്പോകളുടെ കീഴിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ സേവനം പറമ്പിക്കുളം ആദിവാസി മേഖലയിൽ ലഭ്യമാക്കുവാനുള്ള അടിയന്തിര നിർദ്ദേശം കൊടുത്തിട്ടുണ്ട്. |
| (സി) | മൊബൈൽ മാവേലി സ്റ്റോറിനുള്ള വാഹനം വാങ്ങുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | (സി) | എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ